DESPATCHED
On...11/1/23...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@-nic.-in

**ഹർജി നമ്പർ AP No.1354(3)/*2022/എസ്.ഐ.സി.***
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം. 14112/*എസ്.ഐ.സി–ജി 1/2022*)**
**ശ്രീ. എ.അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**(തീയതി. 05.01.2023)**

ശ്രീ. ഐ.ടി. പ്രദീപ്,
പ്രിയാ നിവാസ്,
അമ്പലപ്പാറ (പി.ഒ) പിൻ–679 512,
ഒറ്റപ്പാലം, പാലക്കാട്.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഹെഡ് ക്ലാർക്ക്,
അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് ആഫീസ്,
അമ്പലപ്പാറ പി.ഒ, പാലക്കാട്.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് ആഫീസ്,
അമ്പലപ്പാറ പി.ഒ, പാലക്കാട്.
3. അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
എൽ.എസ്.ജി.ഡി സബ് ഡിവിഷൻ,
ഒറ്റപ്പാലം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 31.05.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 02.06.2022,25.06.2022 |
| കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ച തീയതി | 12.09.2022 |
| ഹർജിക്കാരന്റെ അപ്പീൽ കൈപ്പറ്റിയ തീയതി | 14.09.2022 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ 2020–21, 2021–22 വർഷത്തെ ടാറിംഗുമായി ബന്ധപ്പെട്ട 10 ഇന വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് നൽകിയ മറുപടി

തൃപ്തികരമല്ലെന്നും തുടർന്നു നൽകിയ ഒന്നാം അപ്പീലിനു ലഭിച്ച മറുപടി പാലിക്കാൻ എസ്.പി.ഐ.ഒ തയ്യാറായില്ലെന്നും ആരോപിച്ചാണ് ടിയാൻ 14.09.2022 ന് കമ്മീഷന് അപ്പീൽ ഹർജി നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് എതിർകക്ഷികൾ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചു.

3. അപ്പീൽ തീർപ്പിലെ നിർദ്ദേശപ്രകാരം മുൻകൂട്ടി അറിയിച്ചു ഫയൽ പരിശോധിക്കാൻ അവസരം നൽകാമെന്ന് അറിയിച്ചിട്ടും അപ്പീൽ ഹർജിക്കാരൻ ഇതുവരെ സമീപിച്ചിട്ടില്ലെന്നും, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭിക്കുന്ന എല്ലാ ഫയലുകളും തയ്യാറാക്കി വച്ചിട്ടുണ്ടെന്നും, അപ്പീൽ ഹർജിക്കാരൻ മുൻകൂട്ടി അറിയിച്ചു ഓഫീസിൽ ഹാജരാകുന്ന മുറയ്ക്ക് ടി ഫയലുകൾ പരിശോധിക്കുവാനും പകർപ്പുകൾ കൈപ്പറ്റാനും എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും ഒന്നാം എതിർകക്ഷി ടി റിപ്പോർട്ടിൽ പറയുന്നു.

4. റിപ്പോർട്ടും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽ ഹർജിക്കാരൻ മുൻകൂട്ടി അറിയിച്ചശേഷം ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെത്തി ചട്ടപ്രകാരം ഫയലുകൾ കാണാൻ നിർദ്ദേശിച്ച് അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേദിവസം 05.01.2023ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**എ.അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

re

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM